QP CODE: D3BML2403	**(Pages: 2)**	**Reg. No**	**: .....**
		Name	**: .....**

Third Semester FYUGP Degree Examinations November 2025

Multi-Disciplinary Courses (MDC)

MAL3FM107(3) : Kerala Samoohavum Vanijya Samskaravum

(Credits: 3)

Time: 1.5 Hours **Maximum Marks: 50**

Section A

Answer the following questions. Each carries 2 marks (Ceiling: 16 marks)

1.	ജൂതശാസനത്തെക്കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കുക.	BL2	CO1
2.	ഇരുപതാംനൂറ്റാണ്ടിൽ കേരളത്തിലെ മാപ്പിളത്തൊഴിലുകൾ പ്രധാനമായും കന്നുകാലികളുമായി ബന്ധപ്പെട്ടവയായിരുന്നു. വിശദീകരിക്കുക.	BL2	CO2
3.	മാതംഗിയുടെ ഭക്തിയും ആദരവും ആനന്ദനിലെ ബുദ്ധഭിക്ഷുവുമായി ബന്ധിപ്പിക്കുന്ന പ്രധാന ആശയം എന്താണ്?	BL3	CO3
4.	കേരളത്തിനെ 'യൂണീക്കായ' ടൂറിസം സങ്കേതമായി ലോകം കാണുന്നതിന്റെ പ്രധാന കാരണമായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നത് എന്ത്?	BL2	CO4, CO5
5.	RENAISSANCE എന്ന വാക്ക് രൂപപ്പെട്ടത് എങ്ങനെ എന്ന് എഴുതുക.	BL2	CO3
6.	പ്രാചീനകേരളത്തിലെ പ്രധാന കയറ്റുമതി ഉൽപ്പന്നങ്ങൾ ഏതൊക്കെയായിരുന്നു? ഒരു കുറിപ്പ് തയ്യാറാക്കുക.	BL2	CO1
7.	"കേരളത്തിലെ റോഡുകൾ എന്നത് വെറുമൊരു യാത്രാമാർഗ്ഗം മാത്രമായിരുന്നില്ല; അതിനുപരിയായി ജാതിവ്യവസ്ഥയെ സംരക്ഷിച്ചിരുന്ന ഒരു ഹൈന്ദവ സംവിധാനംകൂടിയായിരുന്നു". വിനിൽ പോളിന്റെ ഈ നിരീക്ഷണത്തിന് അടിസ്ഥാനമായ ഏതെങ്കിലുമൊരു സംഭവം വിശദീരിക്കുക.	BL2	CO2
8.	ചില്ലുകൂട്ടിൽ കൂടി കണ്ടപ്പോൾ സംശയം മാറി അല്ലേ എന്ന് ഗുരു പറഞ്ഞതിന്റെ ധ്വനി എന്ത്? വിശദമാക്കുക.	BL2	CO3
9.	ഉത്തരേന്ത്യയിലെയും കേരളത്തിലെയും നവോത്ഥാനത്തിന്റെ സ്വഭാവം മൗലികമായി വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന കുഞ്ഞാമന്റെ അഭിപ്രായത്തെ വിശദീകരിക്കുക.	BL2	CO4, CO5
10.	ഇന്ത്യൻ നവോത്ഥാനത്തിന് ഊർജ്ജം പകർന്ന പ്രമുഖരിൽ നിങ്ങളെ സ്വാധീനിച്ച ഒരു വ്യക്തിയെക്കുറിച്ചു കുറിപ്പ് തയ്യാറാക്കുക.	BL2	CO3

(PTO)

	Section B		
	Answer the following questions. Each carries 6 marks (Ceiling: 24 Marks)		
11.	ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി കേരളത്തിൽ വ്യാപാരം നടത്തിയതിന്റെ ചരിത്രം വിവരിക്കുക.	BL2	CO1
12.	കേരളസമൂഹവും വാണിജ്യസംസ്കാരവും എന്ന MDC കോഴ്സിന്റെ ഭാഗമായി കേരളത്തിലെ കുടിൽവ്യവസായത്തെപ്പറ്റി ഒരു ഡോക്യുമെന്റ്റി തയ്യാറാക്കാൻ ആവശ്യപ്പെട്ടാൽ അതിന്റെ ആമുഖമായി ചേർക്കാവുന്ന ഒരു നറേഷൻ തയ്യാറാക്കുക.	BL3	CO2
13.	പ്രാചീന വർത്തകസംഘങ്ങളെ പരിചയപ്പെടുത്തി കേരളത്തിന്റെ വാണിജ്യ മേഖലയിൽ അവയുടെ സംഭാവനകൾ പരിശോധിക്കുക	BL3	CO1
14.	കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖലയെക്കുറിച്ചും അതിന്റെ വളർച്ചയെക്കുറിച്ചുമുള്ള നിങ്ങളുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുക.	BL3	CO4
15.	ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിക്കുകയും കേരളീയ നവോത്ഥാന ചരിത്രത്തിൻറെ മുഖ്യധാരയിലേക്ക് ചേർത്തുവയ്ക്കുകയും ചെയ്തു എന്നതാണ് പത്തൊമ്പതാം നൂറ്റാണ്ട് എന്ന സിനിമയുടെ രാഷ്ട്രീയ പ്രസക്തി. സിനിമയിലെ പണിക്കരുടെ കഥാപാത്രത്തെ മുൻനിർത്തി സമർത്ഥിക്കുക.	BL3	CO3
	Section C		
	Answer any one question. Each carries 10 marks (1 x 10 = 10 Marks)		
16.	ഒരു പ്രദേശത്തെ ജനജീവിതത്തിന്റെ അടയാളപ്പെടുത്തൽ എന്നനിലയിൽ മണിപ്രവാളസാഹിത്യത്തിലെ അങ്ങാടിവർണ്ണനകളും കച്ചവടസൂചനകളും വിശകലനംചെയ്യുക.	BL4	CO2
17.	ദളിത് ജനതയുടെ ഉന്നമനം ലക്ഷ്യം വെച്ച് അയ്യങ്കാളിയുടെ നേതൃത്വത്തിൽ രൂപീകൃതമായ 'സാധുജന പരിപാലനസംഘത്തെ' ക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. ഇത്തരം സംഘടനകൾ അധഃസ്ഥിത വിഭാഗങ്ങളെ പുരോഗതിയിലേക്ക് നയിച്ചിട്ടുണ്ടോ? വിമർശനപരമായി വിലയിരുത്തുക.	BL2	CO3
	CO : Course Outcome		
	BL : Bloom's Taxonomy Levels (1 – Remember, 2 – Understand, 3 – Apply, 4 – Analyse, 5 – Evaluate, 6 – Create)		